Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനായി 2 കുങ്കി ആനകളുടെ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനായി എസ്.എം.എസ് മുഖാന്തരമുള്ള ഏർളി വാണിംഗ് സംവിധാനം വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രശ്നബാധിത മേഖലകളിൽ ഫീൽഡ് സ്റ്റാഫിന്റെയും വാച്ചർമാരുടെയും സേവനമുപയോഗിച്ച് പകലും രാത്രിയുമായി പട്രോളിംഗ് നടത്തിവരുന്നുണ്ട്. ജനങ്ങൾക്കും ജീവനക്കാർക്കും കാട്ടാനകളുടെ നീക്കങ്ങൾ അറിയുന്നതിനും മറ്റുമായി ജീവനക്കാരും വാച്ചർമാരും വനാതിർത്തിയിൽ താമസിക്കുന്നവരും പ്രാദേശിക ജനപ്രതിനിധികളും, കൃഷിക്കാരും ഉൾപ്പെടുന്ന വാട്സ്ആപ്പ് ക്ലട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് 8-1-2015-ലെ സർക്കാർ ഉത്തരവ് (കൈ) 2/2015/വനത്തിൽ പറയുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവയുണ്ടാകുന്നവർക്ക് 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) 17/2018/വനത്തിൽ പറയുംപ്രകാരവും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെയും കൃഷിയിടങ്ങളെയും സംരക്ഷിക്കുന്നതിന് ശാശ്വത സംവിധാനം എന്ന നിലയിൽ റെയിൽ ഫെൻസിംഗ് സംവിധാനം ഒരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

റെയിൽ ഫെൻസിംഗ് സംവിധാനം വളരെ ചെലവേറിയതാണ്. ഇതുകൊണ്ട് വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയില്ല. നിലവിൽ മലമ്പുഴ മണ്ഡലത്തിൽ റെയിൽ ഫെൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടില്ല.

വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം

147(2183) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടം വർദ്ധിക്കുന്നതിനാൽ ആയത് പരിഹരിക്കാൻ കിഫ്ബി മുഖേന നടത്തുന്ന വന്യജീവി-മനുഷ്യ സംഘർഷ ലഘൂകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, സൗരോർജ്ജവേലി, ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് എന്നീ പദ്ധതികൾ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ഫണ്ട് ബോർഡ് (KIIFBI) ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതി വനംവകുപ്പ് നടപ്പിലാക്കിവരുന്നു. മേൽപ്രവൃത്തികൾക്കായി ഒന്നാം ഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെന്മല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളുടെ കീഴിൽ 182.70 ലക്ഷം രൂപ ചെലവിൽ 101.50 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും വയനാട് വന്യജീവി ഡിവിഷനുകീഴിൽ 57.40 ലക്ഷം രൂപ ചെലവിൽ 0.41 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലും, 1500 ലക്ഷം രൂപ ചെലവിൽ 10 കി.മീ. ദൂരത്തിൽ റെയിൽ ഫെൻസിംഗ് ജോലികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെന്മല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 246.06 ലക്ഷം രൂപ ചെലവിൽ 136.70 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും, നിലമ്പൂർ സൗത്ത്, സൗത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി എന്നീ വനം ഡിവിഷനുകളുടെ കീഴിൽ 2400 ലക്ഷം രൂപ ചെലവിൽ 48 കി.മീ. ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗും, പാലക്കാട് വനം ഡിവിഷനുകീഴിൽ 45.00 ലക്ഷം രൂപ ചെലവിൽ 0.31 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലിന്റെ നിർമ്മാണ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആന, കടുവ, പുലി തുടങ്ങിയ വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് എന്തെല്ലാം രക്ഷാമാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്?

ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം/

LIBRARY ARCHIVES Kerala Legislative Assembly

താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

(സി) വനത്തിനുള്ളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിച്ചും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്കിറങ്ങുന്നത് ഒഴിവാക്കാൻ പദ്ധതിയുണ്ടോ?

പദ്ധതിയുണ്ട്. വനത്തിനുള്ളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിലൂടെയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിലൂടെയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും.